പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3817

17.10.2011-ൽ മറുപടിയ്ക്ക്

**കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്രത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി**

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്രത്തിന്റെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യറാക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; | (എ) ക്ഷേത്രത്തിൻെറ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൻെറ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതിലേയ്ക്കായി ക്ഷേത്ര വിശ്വാസികളുടേയും, ക്ഷേത്ര ഉപദേശക സമിതിയുടേയും, ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടേയും ഒരു സംയുക്ത യോഗം 2011 ജനുവരി 20-ാം തീയതി ടി ക്ഷേത്രത്തിൽ വച്ച് നടത്തിയിട്ടുണ്ട്. |
| (ബി) മാസ്റ്റർ പ്ലാൻ രൂപീകരണത്തിനായി ഇതു വരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ; | (ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്ക് ക്ഷേത്രത്തിൽ അടിയന്തിരമായി ചെയ്തു തീർക്കേണ്ട പദ്ധതികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിവരുന്നു. ദേവസ്വം ബോർഡ് അനുവദിച്ച് ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ താഴെ വിവരിക്കുന്ന നാല് പ്രധാന ജോലികളുടെ ദർഘാസ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>1) ശാന്തിമഠം കെട്ടിടം (ധാന്യങ്ങൾ പൊടിക്കുന്നതിനുള്ള മെഷിനറികൾ സ്ഥാപിക്കുന്നതിനും ശാന്തിക്കാർക്കും മറ്റും താമസിക്കുന്നതിനും, സ്റ്റോർ സൗകര്യം ഉൾപ്പെടെ)<br>2) ശീവേലിപ്പുരയുടെ നിർമ്മാണം.<br>3) പ്രദക്ഷിണ വഴിയ്ക്കുള്ളിൽ കരിങ്കൽ പാളികൾ സ്ഥാപിക്കുന്ന ജോലികൾ.<br>4) പ്രസാദം കൗണ്ടറിൻെറ നിർമ്മാണം. |
| (സി) മാസ്റ്റർ പ്ലാനിന് അന്തിമ രൂപം നൽകുന്നതിനും ഗണപതിക്ഷേത്ര വികസനത്തിനുമായി എന്തെല്ലാം അടിയന്തിര നടപടികൾ കൈക്കൊള്ളും ? | (സി) മാസ്റ്റർ പ്ലാനിൻെറ അന്തിമരൂപം തയ്യാറാക്കുന്നതിനായി ക്ഷേത്ര വിശ്വാസികളുടേയും, ജനപ്രതിനിധികളുടെയും, ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും, വിദഗ്ധരുടെയും ഒരു സംയുക്തയോഗം വിളിച്ചു ചേർക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ